**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1411** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>അനാഥരഹിത സംസ്ഥാനമാക്കുന്നതിനുള്ള നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. എൻ. ശക്തൻ

ശ്രീ. ജ്യോതികുമാർ ചാമക്കാല

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി ബിന്ദു കൃഷ്ണ
(തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി)

**(എ)** കേരളത്തെ ശിശു-അനാഥരഹിത സംസ്ഥാനമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുക;

**<u>മറുപടി:</u>** "Orphan Free State A Family for Every Child" (അനാഥ രഹിത സംസ്ഥാനം) എന്ന ദൗത്യം കുടുംബാധിഷ്ഠിത ബാലസംരക്ഷണവും സ്ഥാപനവൽക്കരണവും കുറയ്ക്കുന്നത് ലക്ഷ്യമാക്കി കേരളത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന സമഗ്ര പദ്ധതിയാണ്. ഈ സമഗ്ര പദ്ധതി കേരളത്തിലെ ബാലസംരക്ഷണ സംവിധാനത്തിൽ ദീർഘകാല മാറ്റം സൃഷ്ടിക്കാൻ ലക്ഷ്യമിടുന്ന അഞ്ചുവർഷ ദൗത്യപരിപാടിയാണ്. മാതാപിതാക്കളെ നഷ്ടപ്പെട്ടതോ, ഒരു രക്ഷിതാവ് മാത്രമുള്ളതോ, ബന്ധുക്കളുടെ സംരക്ഷണത്തിൽ കഴിയുന്നതോ, കുടുംബപരമായും സാമ്പത്തികമായും സാമൂഹികമായും അതീവ ദുർബല സാഹചര്യങ്ങളിൽ ജീവിക്കുന്നതുമായ കുട്ടികൾക്കും സ്ഥാപനപരിചരണത്തിനു പകരം സുരക്ഷിതവും സ്നേഹപൂർണവും സ്ഥിരതയുള്ളതുമായ കുടുംബാന്തരീക്ഷം ഉറപ്പാക്കുക എന്നതാണ് ഈ പദ്ധതിയുടെ അടിസ്ഥാന ലക്ഷ്യം. ഈ ലക്ഷ്യം കൈവരിക്കുന്നതിനായി സംസ്ഥാനതലത്തിൽ നയപരവും ഭരണപരവും സാമൂഹികവുമായ നിരവധി ഇടപെടലുകൾ ഏകോപിതമായി നടപ്പിലാക്കേണ്ടതുണ്ട്. ഇതുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ നടന്നു വരുന്നു.

**(ബി)** ശിശുഭവനുകളിലും അമ്മത്തൊട്ടിലുകളിലും എത്തുന്ന കുട്ടികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനും യാന്ത്രികമായ കൗൺസിലിംഗ് രീതികൾക്കു പകരം അവർക്ക് വൈകാരികമായ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ;

**<u>മറുപടി:</u>** ശിശുഭവനുകളിലും അമ്മത്തൊട്ടിലുകളിലും എത്തുന്ന എല്ലാ കുട്ടികളെയും നിയമാനുസൃതമായി ചൈൽഡ് വെൽഫെയർ കമ്മിറ്റി (CWC) മുമ്പാകെ ഹാജരാക്കുകയും, സാമൂഹ്യ അന്വേഷണ റിപ്പോർട്ട് (Social Investigation Report), വ്യക്തിഗത പരിചരണ പദ്ധതി (Individual Care Plan) എന്നിവ തയ്യാറാക്കി കുട്ടിയുടെ സുരക്ഷ, സംരക്ഷണം, സമഗ്ര വികസനം, പുനരധിവാസം എന്നിവ ഉറപ്പുവരുത്തുന്നതിനുള്ള വ്യക്തിഗത ഇടപെടലുകൾ നടപ്പിലാക്കുകയും കുട്ടികളുടെ മാനസികവും വൈകാരികവുമായ ആവശ്യങ്ങൾ ഓരോരുത്തരുടെയും സാഹചര്യങ്ങൾ, പ്രായം, അനുഭവങ്ങൾ എന്നിവ വിലയിരുത്തി ബാലകേന്ദ്രീകൃതവും വ്യക്തിഗതവുമായ സമീപനത്തിലൂടെയും പരിഗണിച്ചുവരികയും ചെയ്യുന്നു.

കേവലമായതോ യാന്ത്രികമായതോ ആയ കൗൺസിലിംഗ് രീതികളിൽ ഒതുങ്ങാതെ, പരിശീലനം നേടിയ വിദഗ്ധരുടെ നേതൃത്വത്തിൽ ആവശ്യാനുസൃതമായ മാനസിക-സാമൂഹിക പിന്തുണയും വൈകാരിക സുരക്ഷിതത്വവും ഉറപ്പുവരുത്തുന്ന സമഗ്ര പരിചരണ സംവിധാനമാണ് നിലവിൽ നടപ്പിലാക്കിവരുന്നത്. കൂടാതെ, കുട്ടി കുടുംബത്തിലേക്ക് പുനരൈക്യപ്പെടുന്നതോ മറ്റ് സ്ഥിരമായ പുനരധിവാസ സംവിധാനങ്ങളിലേക്ക് മാറ്റപ്പെടുന്നതോ വരെ ഈ ഇടപെടലുകൾ നടപ്പിലാക്കിവരുന്നു.

**(സി)** കുട്ടികൾക്കെതിരായ ശാരീരികവും മാനസികവുമായ അതിക്രമങ്ങൾ തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വ്യക്തമാക്കാമോ?

**<u>മറുപടി:</u>** സംസ്ഥാനത്തെ കുട്ടികളുടെ സുരക്ഷ, സംരക്ഷണം, പുനരധിവാസം, സമഗ്ര വികസനം എന്നിവ ലക്ഷ്യമാക്കി സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റിയുടെ നേതൃത്വത്തിൽ വനിതാ ശിശു വികസന വകുപ്പ് നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളും പ്രധാന ഇടപെടലുകളും അനുബന്ധമായി ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

സംസ്ഥാനത്തെ കുട്ടികളുടെ സുരക്ഷ , സംരക്ഷണം, പുനരധിവാസം, സമഗ്ര വികസനം എന്നിവ ലക്ഷ്യമാക്കി സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റിയുടെ നേതൃത്വത്തിൽ വനിതാ ശിശു വികസന വകുപ്പ് നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളും പ്രധാന ഇടപെടലുകളും ചുവടെ ചേർക്കുന്നു:

- സംസ്ഥാനത്ത് സർക്കാർ നേരിട്ട് നടത്തുന്ന 27 ശിശു സംരക്ഷണ സ്ഥാപനങ്ങളിലൂടെ പ്രത്യേക പരിചരണവും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾക്കും നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾക്കും സുരക്ഷിതമായ താമസവും പുനരധിവാസ സേവനങ്ങളും ഉറപ്പാക്കുന്നു.
- സ്ഥാപന സംരക്ഷണത്തിലുള്ള കുട്ടികളുടെ വിദ്യാഭ്യാസം , വ്യക്തിത്വ വികസനം , തൊഴിൽ നൈപുണി, സ്വയംപര്യാപ്തത എന്നിവ ശക്തിപ്പെടുത്തുന്നതിനായി എഡ്യൂക്കേറ്റർമാർ, നൈപുണി വികസന പരിശീലനം, ആഫ്റ്റർ കെയർ സേവനങ്ങൾ എന്നിവ നടപ്പിലാക്കി വരുന്നു.
- സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിലെ കുട്ടികൾ കുടുംബാന്തരീക്ഷത്തിൽ തന്നെ വളരുന്നതിന് സ്പോൺസർഷിപ്പ് പദ്ധതിയിലൂടെ പ്രതിമാസ ധനസഹായം നൽകുന്നു.
- കുട്ടികളുടെ മാനസികാരോഗ്യം , ജീവിതനൈപുണി, വൈകാരിക പിന്തുണ എന്നിവ ശക്തിപ്പെടുത്തുന്നതിനായി ഓ.ആർ.സി. (Our Responsibility to Children) പദ്ധതി, ജില്ലാ റിസോഴ്സ് സെന്ററുകൾ, പാരന്റിംഗ് ക്ലിനിക്കുകൾ എന്നിവ സംസ്ഥാനവ്യാപകമായി പ്രവർത്തിച്ചുവരുന്നു. ഇതിലൂടെ പ്രതിവർഷം ലക്ഷക്കണക്കിന് കുട്ടികൾക്കും രക്ഷിതാക്കൾക്കും സേവനം ലഭ്യമാകുന്നു.
- നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെ സാമൂഹ്യാധിഷ്ഠിത പുനരധിവാസത്തിനായി നടപ്പിലാക്കുന്ന 'കാവൽ' പദ്ധതി പുനരാവർത്തന കുറ്റകൃത്യങ്ങളുടെ നിരക്ക് ഗണ്യമായി കുറയ്ക്കാൻ സഹായകമായിട്ടുണ്ട്.
- അടിയന്തര ചികിത്സയും പുനരധിവാസ സഹായവും ആവശ്യമായ കുട്ടികൾക്കായി 'ബാലനിധി' ഫണ്ടിലൂടെ ധനസഹായം നൽകിവരുന്നു.
- ബാല സംരക്ഷണ സ്ഥാപനങ്ങളിലെ കുട്ടികളെ കുടുംബാന്തരീക്ഷത്തിലേക്ക് മടക്കിക്കൊണ്ടുവരുന്നതിനായി Family Based Alternative Care പദ്ധതി നടപ്പിലാക്കുന്നു.
- ദുരന്തങ്ങളിലും മറ്റ് അസാധാരണ സാഹചര്യങ്ങളിലും മാതാപിതാക്കളെ നഷ്ടപ്പെട്ട കുട്ടികൾക്ക് ധനസഹായം, വിദ്യാഭ്യാസ പിന്തുണ, വ്യക്തിഗത പരിചരണ പദ്ധതി എന്നിവ ഉറപ്പാക്കുന്നതിനുള്ള പ്രത്യേക ഇടപെടലുകൾ നടപ്പിലാക്കി വരുന്നു.
- കുട്ടികളുടെ അസാധാരണ കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി ഉജ്ജ്വല ബാല്യം പുരസ്കാരം നൽകുകയും, അടിയന്തര ശിശു സംരക്ഷണ സേവനങ്ങൾ ഉറപ്പാക്കുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന 1098 ചൈൽഡ് ഹെൽപ് ലൈൻ കാര്യക്ഷമമായി സേവനം നൽകിവരുകയും ചെയ്യുന്നു.
- വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ ബാലസുരക്ഷിത കേരളം കർമ്മപദ്ധതി നടപ്പിലാക്കി സംസ്ഥാനത്ത് കൂടുതൽ സുരക്ഷിതവും കുട്ടിസൗഹൃദവുമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ ശക്തിപ്പെടുത്തിവരുന്നു.

**വരുംകാല മുൻഗണനാ പ്രവർത്തനങ്ങൾ**

കുട്ടികളുടെ സമഗ്ര ക്ഷേമവും സുരക്ഷയും കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി വകുപ്പ് ചുവടെപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

- "സുരക്ഷിത ബാല്യം അതിക്രമമുക്ത കേരളം " എന്ന ദർശനത്തോടെ 2026-2030 കാലയളവിലേക്കുള്ള സംസ്ഥാന ബാലസംരക്ഷണ കർമ്മപദ്ധതി നടപ്പിലാക്കുക.
- സംസ്ഥാന ശിശു സംരക്ഷണ സൊസൈറ്റിയെ കുട്ടികളുടെ സംരക്ഷണത്തിലെ മികവിന്റെ കേന്ദ്രമായി ഉയർത്തുക, സംസ്ഥാന Child Safeguarding Policy ഉൾപ്പെടുത്തി സമഗ്ര ബാലസംരക്ഷണ സംവിധാനം ശക്തിപ്പെടുത്തുക.
- "Orphan Free Kerala – A Family for Every Child" എന്ന ദൗത്യത്തിലൂടെ സംരക്ഷണമില്ലാത്ത ഒരു കുട്ടിയും അവശേഷിക്കാത്ത കേരളം സാക്ഷാത്കരിക്കുന്നതിനായി കുടുംബാധിഷ്ഠിത പുനരധിവാസവും ബദൽ കുടുംബപരിചരണ സംവിധാനങ്ങളും ശക്തിപ്പെടുത്തുക.
- FOLKS (Friends of Little Kids) പദ്ധതിയിലൂടെ കോളേജ് വിദ്യാർത്ഥികളെ കുട്ടികളുടെ മെന്ററർമാരായും മാതൃകാപരമായ പിന്തുണാ ശൃംഖലയായും ബന്ധിപ്പിക്കുന്ന സംവിധാനം നടപ്പിലാക്കുക.
- രക്ഷിതാക്കൾക്കായി Parenting Podcast ആരംഭിക്കുക.
- സംസ്ഥാന സ്റ്റേറ്റ് ചിൽഡ്രൻ പോളിസി പ്രകാരം പ്രത്യേക പരിചരണം ആവശ്യമുള്ള കുട്ടികൾക്കായി Regional Consultation Meet സംഘടിപ്പിക്കുക.
- കുട്ടികൾക്കിടയിലെ ലഹരി ഉപയോഗം ഉൾപ്പെടെയുള്ള സാമൂഹിക വിപത്തുകൾ കൂടുതൽ ഫലപ്രദമായി തടയുന്നതിനായി ഒ.ആർ.സി (ORC – Our Responsibility to Children) പദ്ധതി പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കുക.
- ബാലവേല വിമുക്ത സംസ്ഥാനം (Child Labour Free State) ലക്ഷ്യം കൈവരിക്കുന്നതിനായുള്ള കർശന നടപടികൾ സ്വീകരിക്കുക.
- കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ, ചൂഷണങ്ങൾ എന്നിവ കണ്ടെത്തുന്നതിനായി വില്ലേജ്/തദ്ദേശ സ്വയംഭരണ തലങ്ങളിൽ സമഗ്രമായ 'വൾനറബിലിറ്റി മാപ്പിംഗ്' (Vulnerability Mapping) നടത്തുക.
- കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങളും ദുരുപയോഗങ്ങളും ശ്രദ്ധയിൽപ്പെട്ടാൽ അത് നിർബന്ധമായും റിപ്പോർട്ട് ചെയ്യുന്നതിനായി (Mandatory Reporting) ബന്ധപ്പെട്ട എല്ലാ സ്റ്റേക്ക് ഹോൾഡർമാർക്കും ബാധ്യതയുണ്ടാക്കുന്ന കർശനമായ 'ബൈൻഡിംഗ് പ്രോട്ടോക്കോൾ' (Binding Protocol) നടപ്പിലാക്കുക.
- ബാല സംരക്ഷണ സ്ഥാപനങ്ങളിലെ കുട്ടികൾക്കെതിരെയുള്ള ശാരീരികവും മാനസികവുമായ പീഡനങ്ങൾ തടയുന്നതിനുള്ള മാർഗ്ഗരേഖ തയ്യാറാക്കുക.